ചെറുതുരുത്തി തടയണ നിർമ്മാണം

163 (1241) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ചെറുതുരുത്തി തടയണ നിർമ്മാണം (റിവർ മാനേജ്മെന്റ് ഫണ്ട്) തടസ്സപ്പെട്ടു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തടയണ നിർമ്മാണത്തിനുവേണ്ടി ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് പറയാമോ ;

(സി) തടയണ നിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായ തുക അനുവദിക്കേണ്ടതാണെന്നും അതിനുവേണ്ടി ജലവിഭവ വകുപ്പ് സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കാവുന്നതാണെന്നും റിവർ മാനേജ്മെന്റ് ഫണ്ട് തൃശ്ശൂർ ജില്ലാതല കമ്മിറ്റി ശുപാർശ ചെയ്തിട്ടും എന്തുകൊണ്ടാണ് സംസ്ഥാനതല കമ്മിറ്റി ഇതുവരെ ഇത് പരിഗണിക്കാത്തതെന്ന് വിശദമാക്കാമോ ;

(ഡി) ചേലക്കര മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന ഭാരതപ്പുഴയുടെ തീരങ്ങളുടെ സംരക്ഷണത്തിനും ജലസേചനത്തിനും കുടിവെള്ള പദ്ധതികൾക്കും വളരെ പ്രയോജനകരമായ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെറുതുരുത്തി തടയണ നിർമ്മാണത്തിനായി 2,79,89,700 രൂപ (രണ്ടു കോടി എഴുപത്തിയൊൻപത് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി എഴുന്നൂറ് രൂപ മാത്രം) ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി&ഡി) ഏകദേശം 14.5 കോടി രൂപയാണ് തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ്. പ്രസ്തുത പ്രവൃത്തി ഇറിഗേഷൻ വകുപ്പുമായി നേരിട്ട് ബന്ധപ്പെട്ടതാകയാൽ 5-3-2014-ൽ ചേർന്ന സംസ്ഥാനതല ഉന്നതതല സമിതി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ജലസേചന വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. എന്നാൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് തടയണ നിർമ്മാണം പൂർത്തീകരിക്കുവാനായി പ്രൊപ്പോസൽ ഈ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന തൃശ്ശൂർ ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഉത്തരവാദിത്വം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണെന്ന അഭിപ്രായം രേഖപ്പെടുത്തി ഫയൽ തിരികെ നൽകിയിരുന്നു. കൂടാതെ 2015-16-ന്റെ സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത പ്രവൃത്തി ഉൾക്കൊള്ളിക്കുവാൻ ആവശ്യമായ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും ആ വകുപ്പ് അറിയിച്ചിരുന്നു. പ്രസ്തുത വിവരത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് അനുവർത്തിച്ചു നടപടിയെ കുറിച്ച് ഈ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിനോട് ആരാഞ്ഞിരുന്നുവെങ്കിലും ഇതേവരെ മറുപടി ലഭ്യമായിട്ടില്ല. കേരള നദീതീര സംരക്ഷണവും, മണൽ വാരൽ നിയന്ത്രണ നിയമത്തിലും ചട്ടത്തിലും, അനുബന്ധമായി പുറപ്പെടുവിച്ച സർക്കുലറിലും തടയണ നിർമ്മാണത്തിന് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. നദീതീര സംരക്ഷണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമായി വിഭാവനം ചെയ്തിട്ടുള്ള റിവർ മാനേജ്മെന്റ് ഫണ്ട് ഭീമമായ തുക വിനിയോഗിക്കേണ്ടിവരുന്ന തടയണ നിർമ്മാണം പോലുള്ള പ്രവൃത്തികൾക്കായി നീക്കിവയ്ക്കേണ്ടതിൽ അപ്രായോഗികത കൂടികൊള്ളുന്നു. എന്നിരുന്നാലും ചെറുതുരുത്തി തടയണ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം സർക്കാർ/ സംസ്ഥാന ഉന്നതതല സമിതി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

കലശേഖരം പാലം

164 (1242) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കലശേഖരം പാലം നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) നെഗോഷ്യേറ്റഡ് പർച്ചേയ്സ് വ്യവസ്ഥപ്രകാരമുള്ള സ്ഥലമെടുപ്പ് നടപടികൾ എന്ന് പൂർത്തിയാകും;

(സി) ഏറ്റെടുക്കുന്ന സ്ഥലം പാലം നിർമ്മാണത്തിനുവേണ്ടിയാണോ അതോ ബന്ധപ്പെട്ട അപ്രോച്ച് റോഡുകളുടെ നിർമ്മാണത്തിനായാണോ പ്രയോജന പെടുത്തുന്നത്;

(ഡി) പാലം നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിൽ ഭരണാനുമതി ലഭിച്ച നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly